പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3980** **12.12.2018-ൽ മറുപടിക്ക്**

റീജിയണൽ ക്യാൻസർ സെന്ററിന്റെ നവീകരണം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീമതി. പി. അയിഷാ പോറ്റി** | **കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വനിതാ ശിശു വികസനവും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാരിന്റെ കാലത്ത് തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്ററിന്റെ നവീകരണത്തിനായി എത്ര തുക അനുവദിച്ചിട്ടുണ്ട്; | (എ) ഈ സർക്കാരിന്റെ കാലത്ത്, തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്ററിന്റെ നവീകരണത്തിനായി ചുവടെ ചേർക്കുന്നവയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. |

| ക്രമ നമ്പർ | ഇനം | അനുവദിച്ച തുക (ലക്ഷത്തിൽ) | |
|---|---|---|---|
| | | 2017-18 | 2018-19 |
| 1 | പശ്ചാത്തല സൗകര്യം വിപുലീകരണം (പുതിയ 14 നില കെട്ടിടത്തിന്റെ പണി പൂർത്തിയാക്കൽ) | 5329 | 2963 |
| 2 | ക്യാൻസർ രോഗ നിർണ്ണയത്തിനും ചികിത്സയ്ക്കുമുള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ | 115 | 2035 |
| 3 | സ്ത്രീകളിലെ ക്യാൻസർ ചികിത്സയ്ക്കുള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ | - | 2000 |
| 4 | പരിശീലന ഗവേഷണ സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ | 100 | 262 |
| 5 | ആർ.സി.സി.യെ സ്റ്റേറ്റ് ക്യാൻസർ ഇൻസ്റ്റിറ്റ്യൂട്ട് ആയി ഉയർത്തുന്ന പദ്ധതി | 1056 | - |
| | ആകെ | 6600 | 7260 |

ആർ.സി.സി.യെ സംസ്ഥാന ക്യാൻസർ ഇൻസ്റ്റിറ്റ്യൂട്ട് ആയി ഉയർത്തുന്നതിനായി 104.35 കോടി

| | | | |
|---|---|---|---|
| | | | രൂപയുടെ പദ്ധതിയ്ക്ക് കേന്ദ്ര സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. ഈ പദ്ധതിയുടെ 60% കേന്ദ്രസർക്കാരും, 40% സംസ്ഥാന സർക്കാരുമാണ് നൽകുന്നത്. 2016-17 സാമ്പത്തിക വർഷം കേന്ദ്ര സർക്കാർ 46.9570 കോടി രൂപയും, സംസ്ഥാന സർക്കാർ 31.31 കോടി രൂപയും ആദ്യ ഗഡുവായി അനുവദിച്ചിട്ടുണ്ട്. നിലവിലുള്ള കെട്ടിടത്തിന്റെ നവീകരണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള ടെണ്ടർ നടപടികൾ പൂർത്തീകരിച്ചുവരുന്നു. |
| (ബി) | എന്തെല്ലാം നവീകരണ പ്രവർത്തനങ്ങൾക്കാണ് പദ്ധതികൾ തയ്യാറാക്കിയിട്ടുള്ളത് എന്നതിന്റെ വിശദാംശങ്ങൾ നൽകുമോ? | (ബി) | ആർ.സി.സി.യിലെ നവീകരണ പ്രവർത്തനങ്ങൾക്കായി തയ്യാറാക്കിയിട്ടുള്ള പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>1. പശ്ചാത്തല വിപുലീകരണം (പുതിയ 14 നില കെട്ടിടം പണി കഴിപ്പിക്കുന്നതിനുള്ള പദ്ധതി)<br>സ്ഥല പരിമിതി മൂലം ബുദ്ധിമുട്ടുന്ന സ്ഥാപനത്തിന്, രോഗികളുടെ ചികിത്സാ സൗകര്യം വർദ്ധിപ്പിക്കുന്നതിനും ആധുനിക ഉപകരണങ്ങളും മറ്റും സ്ഥാപിക്കുന്നതിനുമായി 187.22 കോടി രൂപ എസ്റ്റിമേറ്റ് വരുന്ന 14 നില കെട്ടിടം പുതുതായി പണികഴിപ്പിക്കുന്നതിനുള്ള പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പുതുതായി നിർമ്മിക്കുന്ന കെട്ടിടത്തിന്റെ പ്രാരംഭ നടപടികൾ പൂർത്തീകരിക്കുകയും കെട്ടിടനിർമ്മാണം ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയെ ഏൽപ്പിക്കുകയും ചെയ്തിട്ടുണ്ട്. രണ്ട് വർഷത്തിനുള്ളിൽ നിർമ്മാണം പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.<br>2. ക്യാൻസർ ചികിത്സയ്ക്കുള്ള സൗകര്യം മെച്ചപ്പെടുത്തൽ<br>ക്യാൻസർ ചികിത്സയ്ക്കുള്ള സൗകര്യം മെച്ചപ്പെടുത്തൽ എന്ന പദ്ധതിയിൽ 2017-18 സാമ്പത്തിക വർഷം അനുവദിച്ചിട്ടുള്ള 1.15 കോടി രൂപ ഉപയോഗിച്ച് ക്യാമ്പസ് ഏരിയ നെറ്റ് വർക്ക് നവീകരിക്കുന്നതിനുള്ള പദ്ധതി പൂർത്തിയാക്കിയിട്ടുണ്ട്. 2018-19 വർഷം ഉൾപ്പെടുത്തിയിട്ടുള്ള തുക ഉപയോഗിച്ച് ഹൈപ്പർ കൺവെർജ്ഡ് ഇൻഫ്രാസ്ട്രക്ചർ (വിർച്ചലൈസേഷൻ ഉൾപ്പെടെ) ഡാറ്റാബേസ് അപ്ലയൻസ് ഹാർഡ് വെയർ എന്നിവ വാങ്ങുന്നതിനുള്ള ടെൻഡർ നടപടികൾ പുരോഗമിക്കുന്നു. |

| | | | |
|---|---|---|---|
| | | | 3. സ്ത്രീകളിലെ ക്യാൻസർ ചികിത്സയ്ക്കുള്ള സൗകര്യം മെച്ചപ്പെടുത്തൽ<br>സ്ത്രീകളിലെ ക്യാൻസർ ചികിത്സയ്ക്കുള്ള സൗകര്യം മെച്ചപ്പെടുത്തൽ എന്ന പദ്ധതിയിൽ ലീനിയർ ആക്സിലറേറ്റർ വാങ്ങുന്നതിനുള്ള ടെൻഡർ നടപടികൾ പുരോഗമിക്കുന്നു.<br>4. പരിശീലന ഗവേഷണ സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ<br>ലൈബ്രറിക്കുവേണ്ടി പുസ്തകങ്ങൾ, ജേർണലുകൾ, ആനുകാലികങ്ങൾ എന്നിവ വാങ്ങുന്നതിന് 1 കോടി രൂപ 2017-18 സാമ്പത്തിക വർഷം അനുവദിക്കുകയും, തുക വിനിയോഗിക്കുകയും ചെയ്തിട്ടുണ്ട്.<br>2018-19 സാമ്പത്തിക വർഷം ഗവേഷണ പരിശീലന പരിപാടികൾക്കുള്ള സൗകര്യം മെച്ചപ്പെടുത്തൽ എന്ന പദ്ധതിയിലെ ലൈബ്രറി വിഭാഗവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഗവേഷണ വിഭാഗവുമായി ബന്ധപ്പെട്ട ഉപകരണങ്ങളുടെ ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു. |

(signature)

**സെക്ഷൻ ഓഫീസർ**